# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4114</u> <u>03.02.2014 ൽ മറുപടിക്ക്</u>

**കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ള ഉപകരണങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ലഭ്യമായിട്ടുള്ള ഏതെല്ലാം മെഡിക്കൽ ഉപകരണങ്ങളാണ് ഇനിയും ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ളത്; ആയതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (എ) 1) ഇൻസ്റ്റന്റ് റേഡിയന്റ് വാർമർ<br>2) നിയോനാറ്റൽ റീസസിറ്റേഷൻ യൂണിറ്റ്<br><br>ഈ രണ്ട് ഉപകരണങ്ങളും എം.ഐ.ഡി യൂണിറ്റിനു വേണ്ടിയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത യൂണിറ്റ് പ്രവർത്തനമാരംഭിക്കാത്തതിനാലാണ് ഈ മെഡിക്കൽ ഉപകരണങ്ങൾ ഉപയോഗിക്കാനാകാത്തത്. |
| (ബി) പ്രസ്തുത ഉപകരണങ്ങൾ ആശുപത്രിയിൽ ലഭ്യമാക്കിയത് എന്നാണ് ; ഇവയുടെ വിലയും ഏത് ഏജൻസി മുഖാന്തിരം ആണ് അവ ലഭ്യമാക്കിയതെന്നും വിശദമാക്കുമോ? | (ബി) 28.10.2013 ൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴിയാണ് ഈ ഉപകരണങ്ങൾ ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുള്ളത്. ഉപകരണങ്ങളുടെ വില ചുവടെ ചേർക്കുന്നു.<br><br>1) ഇൻസ്റ്റന്റ് റേഡിയന്റ് വാർമർ - 21,964 രൂപ<br>2) നിയോനാറ്റൽ റീസസിറ്റേഷൻ യൂണിറ്റ് - 69,899 രൂപ |

സെക്ഷൻ ഓഫീസർ